കൊറോണയും ഞാനും

ഒരു സ്കൂൾ വിദ്യാർത്ഥിനിയായ ഞാൻ എന്റെ ചില അനുഭവങ്ങളും അറിവുകളും പങ്കു വയ്ക്കുകയാണിവിടെ . നിപ്പയും , പ്രളയവും ദുരന്ത നിവാരണവും കണ്ടറിഞ്ഞ നാം കൊറോണയെയും തിരിച്ചറിഞ്ഞിരിക്കുന്നു. പെട്ടെന്നുണ്ടായ ലോക് ഡൗണിൽ ആദ്യമൊന്ന് പകച്ചെങ്കിലും ക്രമേണ അതുമായി പൊരുത്തപ്പെട്ടിരിക്കുന്നു . കേന്ദ്ര , കേരള സർക്കാരുകളുടെ നിർദ്ദേശങ്ങൾ പാലിച്ചും മറ്റുള്ളവരെ ബോധവൽകരിച്ചും നമുക്ക് ഈ മഹാമാരിയോട് പൊരുതാം.
ലോക് ഡൗൺ ഒരു മാസം പിന്നിട്ടുമ്പോൾ പ്രകൃതിക്കുണ്ടായ മാറ്റം വർണനാതീതമാണ്. വാഹനങ്ങൾ നിലച്ചതോടെ വായുവിലെ മലിനീകരണം ഗണ്യമായി കുറഞ്ഞു. വ്യവസായശാലകൾ നിശ്ചലമായതോടെ ജല, വായു മലിനീകരണം നന്നേ കുറഞ്ഞു. പക്ഷി മൃഗാദികൾ കൂടുതൽ ഉത്സാഹഭരിതരായി എന്നുള്ള വാർത്തകൾ നാം വായിക്കുകയുണ്ടായി. മനുഷ്യന്റെ അനാവശ്യ കടന്നുകയറ്റത്തിനുള്ള തിരിച്ചടിയാണോ കൊറോണയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തായാലും നാമും കടുംബവുമായും പ്രകൃതിയുമായും കൂടുതൽ ഇഴുകി ചേർന്നിരിക്കുന്നു. അക്ഷരാത്ഥത്തിൽ പഴമയിലേക്കു തിരിച്ചു പോയിരിക്കുന്നു. തുടർന്നും ഈ രീതിയിൽ മുന്നോട്ട് പോയാൽ ഏത് പ്രതിസന്ധിയെയും നമുക്ക് തരണം ചെയ്യാൻ കഴിയും . പ്രതീക്ഷകളോടെ മുന്നോട്ട്. Stay home. Stay healthy.

ഷിബിന 8 c